LIBRARY ARCHIVES Kerala Legislative Assembly

മണ്ണാർക്കാട് താലൂക്കിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം

48 [1149] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വളരെ പിന്നിൽ നിൽക്കുന്ന മണ്ണാർക്കാട് താലൂക്കിൽ ഏതെങ്കിലും ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല. നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

മത വിദ്യാഭ്യാസത്തിന് പൊതു വിഷയങ്ങൾകൂടി പഠിപ്പിക്കുന്ന മദ്രസകൾക്ക് ഗ്രാന്റ്

49 [1150] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത വിദ്യാഭ്യാസത്തിന് പൊതു വിഷയങ്ങൾ കൂടി പഠിപ്പിക്കുന്ന മദ്രസകൾക്ക് ഗ്രാന്റ് നൽകുന്നതിനുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഗ്രാന്റിനായി മദ്രസകളിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ ; ഏതെങ്കിലും മദ്രസകൾക്ക് ഗ്രാന്റ് നൽകിയിട്ടുണ്ടോ ;

(സി) പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന മുസ്ലീം കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി ഈ ഫണ്ട് ഉപയോഗിക്കുന്നതിന് കേന്ദ്രത്തിന്റെ അനുവാദം തേടുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഈ പദ്ധതി കേരളത്തിലും നടപ്പാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. ഈ സാമ്പത്തിക വർഷം ഇതുവരെ കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവദിച്ചുകിട്ടിയിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

കായംകുളത്ത് പോളിടെക്നിക്ക് ആരംഭിക്കാൻ നടപടി

50 [1151] ശ്രീ. എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ ഏതെങ്കിലും പോളിടെക്നിക്ക് പ്രവർത്തിക്കുന്നുണ്ടോ ;

(ബി) കായംകുളം ജൂനിയർ ടെക്നിക്കൽ സ്കൂളിനോടനുബന്ധിച്ച് ഒരു പോളിടെക്നിക്ക് ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. പുതിയ പോളിടെക്നിക്ക് തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം ലഭിക്കുകയും ചെയ്തുകഴിഞ്ഞാൽ ധനലഭ്യത അനുസരിച്ച് പരിഗണിക്കാവുന്നതാണ്.

സർക്കാർ കോളേജുകളിൽ പുതിയ ബിരുദാനന്തര ബിരുദ കോഴ്സുകൾ

51 [1152] ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് സർക്കാർ കോളേജുകളിൽ എവിടെയെങ്കിലും പുതിയ ബിരുദാനന്തര ബിരുദ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ ബിരുദാനന്തര ബിരുദ കോഴ്സുകൾ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഉണ്ട്. ബിരുദാനന്തര ബിരുദ കോഴ്സുകൾ അനുവദിച്ച കോളേജുകളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു :

(1) ഗവൺമെന്റ് സംസ്കൃത കോളേജ്, തിരുവനന്തപുരം.
(2) ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജ്, തിരുവനന്തപുരം.
(3) ഗവൺമെന്റ് കോളേജ്, ചവറ.
(4) ഗവൺമെന്റ് കോളേജ്, മണിമലക്കുന്ന്.
(5) ഗവൺമെന്റ് കോളേജ്, മലപ്പുറം.
(6) ഗവൺമെന്റ് കോളേജ്, മഞ്ചേശ്വരം.
(7) ഗവൺമെന്റ് കോളേജ്, എളരിഞ്ഞട്ട്.
(8) ഗവൺമെന്റ് കോളേജ്, തലശ്ശേരി.
(9) മഹാരാജാസ് കോളേജ്, എറണാകുളം.
(10) ഗവൺമെന്റ് കോളേജ്, ചാലക്കുടി.

(സി) പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. സർവ്വകലാശാലകൾ ശുപാർശ ചെയ്യുന്ന കോഴ്സുകൾ അനുവദിക്കുന്നതിലുള്ള സാമ്പത്തിക ബാധ്യത കണക്കാക്കി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് കോളേജുകളിൽ കോഴ്സ് അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly